LIBRARY ARCHIVES Kerala Legislative Assembly

പൈങ്കുളം തടയണ നിർമ്മാണം

139 (831) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിൽ ഭാരതപ്പുഴക്ക് കുറുകെ പൈങ്കുളം തടയണ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതെന്നാണ്; വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിക്ക് സാങ്കേതികാനുമതി നൽകി നിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം ;

(സി) സാങ്കേതികാനുമതി എപ്പോൾ നൽകുവാൻ കഴിയുമെന്നും സമയബന്ധിതമായി നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നും പറയാമോ ;

(ഡി) ഇപ്പോൾ ഈ പദ്ധതിയുടെ നടപടികൾ ഏതുഘട്ടത്തിലാണ്; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചേലക്കര മണ്ഡലത്തിൽ ഭാരതപ്പുഴയ്ക്ക് കുറുകെ പൈങ്കുളം തടയണ നിർമ്മാണത്തിന് 26-2-2014-ലെ സ.ഉ. (സാധാ.) 219/2014/ജവിവ. പ്രകാരം 1600 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. അതിനുള്ള കാരണം താഴെ ചേർക്കുന്നു.

പുതുക്കിയ ഭരണാനുമതി നൽകിയ സാഹചര്യത്തിൽ, പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു. ചീഫ് എഞ്ചിനീയർ 22-11-2014-ൽ സമർപ്പിച്ച 1850 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് 13-1-2015-ൽ സർക്കാർ തലത്തിൽ കൂടിയ സാങ്കേതികാനുമതി കമ്മിറ്റി പരിശോധിക്കുകയും പ്രസ്തുത പദ്ധതിക്ക് പുതുക്കിയ രൂപരേഖ ആവശ്യമാണെന്നും പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും തീരുമാനിക്കുകയുമുണ്ടായി. ആയതുപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് വകുപ്പുതലത്തിൽ തയ്യാറാക്കി വരുന്നു.

(സി&ഡി) വിശദമായ എസ്റ്റിമേറ്റ് ലഭിച്ചാലുടൻ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശങ്ങൾ അനുസരിച്ച് സാങ്കേതികാനുമതി നൽകുന്നതിനും പ്രവൃത്തി ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.